പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6054 9.7.2013 ൽ മറുപടിയ്ക്ക്

വികലാംഗരെ സ്ഥിരപ്പെടുത്തൽ

ചോദ്യം മറുപടി

ശ്രീ.പി.കെ.ബഷീർ ശ്രീ.ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം വികലാംഗരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് കാലയളവിലുള്ളവരെ എന്ത് മാനദണ്ഡപ്രകാരമാണ് സ്ഥിരപ്പെടുത്തിയതെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. 16.8.99 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് പുനർ/റഗുലർ നിയമനം നൽകുന്നതിന് 18.5.2013 ലെ ജി.ഒ(പി)40/13/സാ.നീ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കാലയളവിന് മുമ്പ് എംപ്ലോയ്മെന്റ് വഴി സേവനത്തിൽ ഉണ്ടായിരുന്നവരും, എന്നാൽ വികലാംഗവർഷത്തിൽ സ്ഥിരനിയമനം ലഭിക്കാത്തവരുമായ വളരെ കുറച്ച് വികലാംഗർ കൂടി സ്ഥിരനിയമനം ലഭിക്കാതെ കഷ്ടതയനുഭവിക്കുന്നു എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) മുൻപ് 1.1.93 മുതൽ 31.7.94 വരെ ഉള്ള അംഗപരിമിതർക്ക് റഗുലർ നിയമനം നൽകുന്നതിന് 30.3.95 ലെ ജി.ഒ(പി)6/95/P & ARD നമ്പർ ഉത്തരവ് പ്രകാരവും 1.1.97 മുതൽ 14.8.98 വരെ എംപ്ലോയ്മെന്റ് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന അംഗപരിമിതർക്കും 15.8.98 മുതൽ 15.8.99 വരെ എംപ്ലോയ്മെന്റ് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന അംഗപരിമിതർക്കും ജി.ഒ(പി) നം.33/05/SWD തീയതി 5.3.2005 ലെ ഉത്തരവ് പ്രകാരവും ജി.ഒ(പി) നം.85/07/സാ.ക്ഷേ.വ തീയതി 30.11.2007 ലെ ഉത്തരവ് പ്രകാരവും പുനർ . നിയമനം നൽകിയിട്ടുണ്ട്. 1.8.94 മുതൽ 31.12.96 വരെ ഉള്ള കാലഘട്ടത്തിൽ ജോലി ചെയ്തിട്ടുള്ളവരെ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് ഉള്ള നിവേദനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ എണ്ണത്തിൽ വളരെ കുറച്ച് പേർ മാത്രമുള്ള, ഇവരെയും കൂടി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ